

# THE BIBLE TRUTH

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

NGLISH - The Voice of Truth - Speakers: **Reggi Gnanasundaram** and **J.C. Choate** Fridays: 7.45 to 8.00 p.m.
All Correspondence should be sent to The Voice of Truth
Post Box. 3815 New Delhi-110 049

INDI - Sathya Susamachar. Speaker - **Sunny David**
All Correspondence should be sent to
Sathya Susamachar,
Post Box. 3815 New Delhi- 110 049
Sundays: 8.45 to 9.00 p.m
Thursdays: 9.00 to 9.15 p.m.

ANNADA - The Voice of Truth. Speaker - **Robert Rathnakar**
Box. 448, Bangalore - 560 004
Sundays: 1.45 to 2.00 pm.

IALAYALAM - The Voice of Truth. Speaker - **P.K. Varghese**
All Correspondence should be sent to Church of Christ,
Post Box. 5540
Trivandrum 695 034, Kerala, India

AMIL - The Way of Truth. Speaker- **P.R.Swamy**
All Correspondence should be sent to The way of Truth,
Post Box 8405
Bangalore - 560 084

ELUGU - The Voice of Truth. Speaker- **Joshua Gootam**
All Correspondence should be sent to
The Voice of Truth, Post Box. 80, Kakinada 533 001
Sundays: 2.00 to 2.15 p.m.
Mondays: 2.00 to 2.15 p.m.
Tuesdays: 2.00 to 2.15 p.m.
Wednesdays: 2.00 to 2.15 p.m

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian literatures are available in these ifferent languages from the addresses listed. Also Radio sermons are available in ook form.

---

Edited, Printed and Published by P.K. Varghese Church of Christ Trivandrum.
'rinted at Joshah Printers, Trivandrum.

# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 14 October 2000 No. 7


## എഡിറ്റോറിയൽ

ഭരണാധികാരികളെ തിരഞ്ഞെടുക്കുന്ന സമ്പ്രദായം മിക്കവാറും രാജ്യങ്ങളിൽ കാണപ്പെടുന്നുണ്ട്. സംഘടനം തലത്തിലൂടെ ജയിച്ചുവരുന്നവരുണ്ട്. സ്വതന്ത്രമായി ജയിച്ചു വരുന്നവർ വളരെ വിരളമാണ്. ജനങ്ങൾ ഏതു വിധത്തിലാണ് ഇപ്പോൾ തിരഞ്ഞെടുപ്പിനെ കാണുന്നത് ? ആരെ തിരഞ്ഞെടുത്താലും ഓരോ രാഷ്ട്രീയ പാർട്ടികളുടെ നയതാല്പര്യമനുസരിച്ച് പ്രവർത്തിക്കേണ്ട സ്ഥിതിയാണ് ജയിച്ചു വരുന്നവർക്കുള്ളത്. അഴിമതിയും ദുർഭരണവും ആളുകളെ ഇന്നു ഇതിനോടു താല്പര്യമില്ലാതാക്കിയിട്ടുണ്ട്. പണത്തെ സ്നേഹിച്ച് പണത്താൽ നിയന്ത്രിക്കുന്ന പ്രസ്ഥാനങ്ങൾ ഏതു രാജ്യത്തിനും അപകടം തന്നെയാണ്. ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും കാരണമെന്നു ദൈവം മുന്നറിയിച്ചിട്ടുണ്ട്. അഴിമതിക്കും ധൂർത്തിനും ഇതു പ്രേരകമായി തീരുന്നുണ്ട്. രാജ്യത്തിന്റെ സമ്പദ്ഘടനയെത്തന്നെ മാറ്റി മറിക്കുന്ന ഇത്തരം പ്രവണത രാജ്യത്തെ സേവിക്കുന്നവരിൽ പാടില്ല. നിസ്വാർത്ഥമായ സാമൂഹ്യ സേവനം നടത്തുവാൻ ഇവർക്കു കഴിയണം. നേതൃത്വമേറ്റെടുക്കുന്നവർ ഈ തത്വം പാലിക്കയും അനുയായികളെയും സഹപ്രവർത്തകരെയും ഇതിൽ നിർത്തുകയും ചെയ്യണം.

ജീവിതത്തിൽ എല്ലാവർക്കും ഓരോ ഘട്ടത്തിലും ചിലതു തിരഞ്ഞെടുക്കേണ്ടി വരും. വിദ്യാഭ്യാസവും വിവാ

ഹവും ജോലിയും താമസവും എല്ലാം അതിൽ ഉൾപ്പെടുന്നുണ്ട്. ഏതൊന്നിന്റെയും തിരഞ്ഞെടുപ്പിനു അടിസ്ഥാനമായി നാം ഓർമ്മിക്കേണ്ട കാര്യങ്ങൾ ഉണ്ട്. ശരിയായ അറിവില്ലാതെ നാം ഒന്നും തിരഞ്ഞെടുക്കരുത്. കിട്ടിയിരിക്കുന്ന അറിവ് ശരിയോ തെറ്റോ എന്നു പരിശോധിക്കയും വേണം. പ്രാവിണ്യം നേടിയവരും പരിചയ സമ്പന്നരും ആയ ആളുകളുടെ നിർദ്ദേശം സ്വീകരിക്കണം. അപക്വമായ തീരുമാനങ്ങൾ നമ്മുടെ തിരഞ്ഞെടുപ്പ് നമ്മെ ദുഃഖിപ്പിക്കും. ശരിയായ തിരഞ്ഞെടുപ്പു നമ്മെ സന്തോഷിപ്പിക്കയും ചെയ്യും. ശക്തവും ഭദ്രവുമായ ഫലം കിട്ടണമെന്ന ആഗ്രഹത്തോടെ വേണം നാം എന്തും തിരഞ്ഞെടുക്കുവാൻ. നാം ഒരു പാർപ്പിടം തിരഞ്ഞെടുക്കുമ്പോൾ അതിന്റെ നന്മയും തിന്മയും നാം തിരിച്ചറിഞ്ഞുകൊണ്ടായിരിക്കും വാങ്ങുക. കാരണം അവിടെ നമുക്കു താമസിക്കുവാനുള്ളതാണല്ലോ. അതുപോലെ ഒരു പങ്കാളിയെ ജീവിതത്തിൽ തിരഞ്ഞെടുക്കുമ്പോഴും അതു ശ്രദ്ധയോടെ വിവേകത്തോടെ വേണം നടത്തുവാൻ. അല്ലെങ്കിൽ പിന്നീട് ഖേദിക്കേണ്ടി വരും. അതു സാമാന്യ ബുദ്ധിയുള്ള എല്ലാവർക്കും അറിയാം.

ആത്മീയമായും നാം പലതും തിരഞ്ഞെടുക്കണം. എന്തെല്ലാമാണ് ആത്മാവിനു ആവശ്യം ? ആദ്യമായി ദൈവവചന സത്യം തിരഞ്ഞെടുക്കണം. ബാല്യം മുതൽ അതു എല്ലാവർക്കും ആവശ്യമാണ്. തുടർന്നു ദൈവ രാജ്യവും നീതിയും അന്വേഷിച്ചു കണ്ടെത്തണം. അതിനു പകരം നാമധേയ വിഭാഗങ്ങളെ സ്വീകരിക്കുന്നവർ ഉണ്ട്. അവർ പിന്നീട് ദുഃഖിക്കേണ്ടി വരും. സത്യത്തിനു പകരം അസത്യത്തെ കൈക്കൊണ്ടാൽ ഫലം വിപരീതമായിരിക്കും. ദൈവത്തിന്റെ രക്ഷാ പദ്ധതി എല്ലാവരും തിരഞ്ഞെടുക്കേണ്ടതാണ്.

★

# വേഗം എന്നാൽ എത്ര വേഗം?

J.C. ചോട്ട്

മതപരമായ ആളുകൾ പലപ്പോഴും സംസാരിക്കാറുള്ള വിഷയമാണ് കർത്താവിന്റെ വരവ്. കർത്താവിന്റെ വരവിന്റെ തീയ്യതി പോലും തിട്ടപ്പെടുത്തി ചിലർ പറയുകയുണ്ടായി. ആദ്യമായി നാം മനസിലാക്കേണ്ടതു ഇവർ കർത്താവിന്റെ വരവിന്നു വേണ്ടി ഒരുങ്ങാത്തവരാണ്. രണ്ടാമതായി, കർത്താവിന്റെ മടങ്ങി വരുന്ന സമയം വെളിപ്പെടുത്തിയിട്ടില്ല എന്നതാണ്. അവർ അവരുടെ മുന്നറിയിപ്പുകളിൽ പരാജയപ്പെടുകയാണ് ചെയ്യുന്നത്. അക്കൂട്ടർ ശ്രദ്ധാലുക്കളാണെന്നു ഒരുപക്ഷെ മററുള്ളവർക്കു തോന്നാം. പക്ഷെ അവർ ഇങ്ങനെ തീയ്യതികൾ ഗണിക്കുന്നതു കൊണ്ടു ആളുകളെ തങ്ങളിലേക്കു ആകർഷിക്കുകയാണ് ചെയ്യുന്നതു. എന്നാൽ ഇതു വളരെ അപകടം പിടിച്ച കാര്യമാണ്. ഇവർ ദുരുപദേഷ്ടാക്കന്മാരാണ് എന്ന കാര്യം നാം മറക്കരുത്.

ക്രിസ്തു വീണ്ടും വരുമെന്നു ബൈബിൾ തറപ്പിച്ചു പറയുന്നു. എന്നാൽ ഒരു രാജ്യം സ്ഥാപിക്കുന്നതിനോ ആയിരമാണ്ട്, ഈ ഭൂമിയിൽ വാഴുന്നതിനോ വേണ്ടിയല്ല. മറിച്ച് ഈ ലോകത്തിനു അവസാനം വരുത്തുന്നതിനും മനുഷ്യരെ ന്യായം വിധിക്കുന്നതിനുമാണ്. യേശുക്രിസ്തു ഉയിർത്തെഴുന്നേററ ശേഷമുള്ള പെന്തെകൊസ്തു നാൾ മുതൽ ദൈവ രാജ്യം നിലനില്ക്കുന്നുണ്ട് (മർക്കൊസ് 9:1; പ്രവൃത്തി 8:2). തന്റെ രാജ്യം പിതാവിനെ ഏല്പിക്കുവാൻ കൂടെയാണ് കർത്താവു വീണ്ടും വരുന്നതെന്നു പൌലൊസ് പറയുന്നു (1 കൊരിന്ത്യർ 15:24). പാപത്തിൽ നിന്നും ലോകത്തിൽ നിന്നും വിളിച്ചു ചേർത്തിരിക്കപ്പെടുന്നവരാണ് അവന്റെ രാജ്യത്തിലുള്ളത്.

കർത്താവ് വീണ്ടും വരുന്ന സമയത്തെ കുറിച്ചു ക്രി

സ്തു തന്നെ പറഞ്ഞിരിക്കുന്നതു: ആ നാളും നാഴികയും സംബന്ധിച്ച് സ്വർഗ്ഗീയ പിതാവല്ലാതെ സ്വർഗ്ഗത്തിലെ ദൂതന്മാരോ, ദൈവ പുത്രനോ അറിയുന്നില്ല എന്നത്രെ (മത്തായി 24:36). സ്വർഗ്ഗത്തിലെ ദൂതന്മാർക്ക് അറിയാത്തതായ കാര്യം, വരുന്ന കർത്താവിനു പോലും അറിയാത്ത കാര്യം വെറും മനുഷ്യരായ ആളുകൾക്കു ആ ദിവസം എങ്ങനെ അറിയാം ? പത്രോസ് പറഞ്ഞിരിക്കുന്നതു അവന്റെ വരവ് കള്ളനെ പോലെ ആയിരിക്കും എന്നാണ്. അതിന്റെ അർത്ഥം, മുന്നറിയിപ്പില്ലാതെ ആയിരിക്കും എന്നാണ്. ദൈവ മനസിലിരിക്കുന്ന കാലങ്ങളെയും സമയങ്ങളെയും അറിയാമെന്നു പറയുന്നവർ ദൈവത്തെ പരിഹസിക്കയാണ്. ദൈവത്തെ കളിയാക്കുന്നതു അപകടം തന്നെയാണ്. ഇങ്ങനെ പറയുന്നവരും അതു കേട്ടു വിശ്വസിക്കുന്നവരും വാസ്തവത്തിൽ വഞ്ചിക്കപ്പെടുകയാണ്.

ക്രിസ്തു വീണ്ടും വരുമെന്നു നമുക്ക് അറിയാം. കാരണം അവൻ തന്നെ അതു വാഗ്ദാനം ചെയ്തിട്ടുണ്ട്. "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ; എന്നിലും വിശ്വസിപ്പിൻ; എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹന്നാൻ 14: 1-3). മരിക്കുന്നതിനു മുൻപ് കർത്താവ് മുന്നറിയിച്ചതാണിത്.

പക്ഷെ എപ്പോഴാണ് ക്രിസ്തു വീണ്ടും വരുന്നത് ? അതാർക്കും അറിഞ്ഞുകൂടാ. അതു ഇപ്പോഴാകാം; നാളെയാകാം; അല്ലെങ്കിൽ ആയിരം വർഷം കഴിഞ്ഞിട്ടാകാം.

അപ്പോസ്തലന്മാരും ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനികളും അവരുടെ ജീവിത കാലയളവിൽ പ്രതീക്ഷിച്ചിരുന്നു യാക്കോബ് തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു: എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ. കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ടു മുൻമഴയും പിൻമഴയും അതിന്നു കിട്ടുവോളം ദീർഘ ക്ഷമയോടിരിക്കുന്നുവല്ലൊ. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു (യാക്കോബ് 5:7_8). കർത്താവു വേഗം വരുമെന്നു പറയുന്നതു തെററാണെന്നു വിചാരിക്കുന്നവരുണ്ട്. എങ്കിലും കർത്താവു വേഗം വരുമെന്നതാണ് വാസ്തവം. എത്ര വേഗത്തിൽ ആണ് അവൻ വരുന്നതു? നിത്യതയുമായി താരതമ്യം ചെയ്യുമ്പോൾ കർത്താവു വരുവാൻ എത്ര വർഷം എടുത്താലും കർത്താവിന്നു അതു വേഗം തന്നെയാണ്. അതിൽ സംശയിക്കേണ്ട കാര്യമില്ല.

എങ്ങനെയായിരിക്കും കർത്താവ് വരിക ? അവൻ ആകാശമേഘത്തിൽ ദൈവത്തിന്റെ കാഹള നാദത്തോടുകൂടെയായിരിക്കും വരിക. എല്ലാ കണ്ണുകളും അവനെ കാണും. അവനുള്ളവരും അന്നു ജീവനോടെ ഇരിക്കുന്നവരെയും രൂപാന്തരപ്പെടുത്തി അവനെ എതിരേല്ക്കുവാൻ എടുക്കും. എല്ലാവർക്കും ഉയിർത്തെഴുന്നേല്പും ന്യായവിധിയും ഉണ്ട് (യോഹന്നാൻ 5:28-29; 1 കൊരിന്ത്യർ 15-ാം അദ്ധ്യായം, 1 തെസലൊനിക്യർ 4-ാം അദ്ധ്യായം, എബ്രായർ 9: 27-28 എന്നീ വേദഭാഗങ്ങൾ ദയവായി വായിക്കുക). അതിനുശേഷം നീതിമാന്മാർ കർത്താവിനോടുകൂടെ എന്നേക്കും ജീവിക്കും. ദുഷ്ടന്മാരോ നിത്യ നരകത്തിലേക്കു തള്ളപ്പെടും (മത്തായി 25:46).

നാം കർത്താവിനെ എതിരേല്ക്കാൻ തയ്യാറായിട്ടുണ്ടോ എന്നതാണ് ചോദ്യം. ഇല്ലെങ്കിൽ അവസരവും സമയവും ഉള്ളപ്പോൾ തയ്യാറാകുക. നാം ദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും വിശ്വസിക്കയും പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും ദൈവ പുത്രനായ ക്രിസ്തുവിനെ ഏററു പറയുകയും പാപമോചനത്തിനായി സ്നാനം ഏല്ക്കയും ചെയ്യുമ്പോൾ കർത്താവു നമ്മെ രക്ഷിച്ചു അവന്റെ സഭയോടു ചേർക്കുന്നു (മർക്കൊസ് 16: 15-16; പ്രവൃത്തി 2:47). തുടർന്നു നാം ദൈവത്തെ വചനപ്രകാരം ആരാധിച്ച് വിശ്വസ്തമായി മരണത്തോളം ജീവിച്ചാൽ നിത്യ ജീവന്റെ പ്രത്യാശ നമുക്ക് ഉണ്ട്. പിന്നെ കർത്താവു വരുമ്പോൾ നമ്മുടെ ആത്മാവിനു എല്ലാം ശുഭമായിരിക്കും. താമസിച്ചു പോകാതെ സൂക്ഷിക്കുക. ദൈവത്തെ അനുസരിക്കേണ്ടതു ഉടനെയാകുന്നു. കാരണം ആയുസ് പെട്ടെന്നു തീർന്നേക്കാം. കർത്താവു വേഗം വരുമെന്നു ഓർക്കുക.

*

# ക്രിസ്ത്യാനിയും സർക്കാരും

## റോഡ് റൂതർഫോർഡ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷെക്കായി പ്രതികാരിയായ ദൈവ ശുശ്രൂഷക്കാരൻ തന്നെ. അതുകൊണ്ടു ശിക്ഷയെ വിചാരിച്ചു മാത്രമല്ല, മനസാക്ഷിയെയും വിചാരിച്ചു കീഴടങ്ങുക ആവശ്യം. അതുകൊണ്ടു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവ ശുശ്രൂ

ഷകന്മാരും ആ കാര്യം തന്നെ നോക്കുന്നവരും ആകുന്നു. എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ. നികുതി കൊടുക്കേണ്ടവന്നു നികുതി ചുങ്കം കൊടുക്കേണ്ടവന്നു ചുങ്കം. ഭയം കാണിക്കേണ്ടവന്നു ഭയം; മാനം കാണിക്കേണ്ടവന്നു മാനം (റോമർ 13:1-7). ഓരോ ക്രിസ്ത്യാനിയും അവനവന്റെ ചുമതല നിറവേററണം. ദൈവത്തിന്റേയും രാജ്യത്തിന്റേയും നിയമം ലംഘിക്കാതെ ജീവിക്കണം. പഴുതുകൾ കണ്ടെത്തി ന്യായീകരിക്കുന്ന പ്രവണത നന്നല്ല. പുറത്തുള്ളവർക്കു മാതൃക കാണിച്ചു കൊടുക്കേണ്ടവരാണ് കർത്താവിന്റെ ശിഷ്യന്മാർ. അതു നാം മറക്കരുത്.

അപ്പോസ്തലനായിരുന്ന പത്രൊസും ഈ വിഷയത്തെ പരാമർശിച്ചു പറഞ്ഞിട്ടുണ്ട്. സകല മനുഷ്യ നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നു വെച്ചു രാജാവിനും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നു വെച്ചു നാടുവാഴികൾക്കും കീഴടങ്ങുവിൻ. നിങ്ങൾ നന്മ ചെയ്തുകൊണ്ടു ബുദ്ധിയില്ലാത്ത മനുഷ്യരുടെ ജോഷതം മിണ്ടാതാക്കേണം എന്നുള്ളതു ദൈവേഷ്ടം ആകുന്നു. സ്വതന്ത്രരായും സ്വാതന്ത്ര്യം ദുഷ്ടതക്കു മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ. എല്ലാവരേയും ബഹുമാനിപ്പിൻ, സഹോദര വർഗ്ഗത്തെ സ്നേഹിപ്പിൻ; ദൈവത്തെ ഭയപ്പെടുവിൻ; രാജാവിനെ ബഹുമാനിപ്പിൻ.

ദൈവ നിയമത്തിനു വിരുദ്ധമായി എന്തെങ്കിലും ചെയ്യുവാൻ ഗവൺമെൻറ് ക്രിസ്ത്യാനികളോടു കല്പിച്ചാൽ എന്തു ചെയ്യണമെന്ന ചോദ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ദൈവത്തെ ആരാധിക്കുന്നതു ക്രിസ്ത്യാനികളെ സർക്കാർ വിലക്കുകയാണെങ്കിൽ എന്തു ചെയ്യും ? ദൈവ നിയമവും

മാനുഷ നിയമവും തമ്മിൽ വിവാദം ഉണ്ടായാൽ അനുസരി ക്കേണ്ടതു എപ്പോഴും ദൈവ നിയമം ആണ്. ക്രിസ്തുവിനെ പ്രസംഗിച്ചു എന്ന കുററം ചുമത്തി അപ്പൊസ്തലന്മാരെ യെഹൂദന്മാർ പിടിച്ചു. അപ്പൊസ്തലന്മാർ അവരോടു പറഞ്ഞ മറുപടി ഉചിതമായതു തന്നെയായിരുന്നു. ''ഈ നാമത്തിൽ ഉപദേശിക്കരുതു എന്നു ഞങ്ങൾ നിങ്ങളോടു അമർച്ചയായി കല്പിച്ചുവല്ലോ. നിങ്ങളോ യെരുശലേമിനെ നിങ്ങളുടെ ഉപദേശം കൊണ്ടു നിറെച്ചിരിക്കുന്നു. ആ മനുഷ്യൻെറ രക്തം ഞങ്ങളുടെ മേൽ വരുത്തുവാൻ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. അതിന്നു പത്രൊസും ശേഷം അപ്പൊസ്തലന്മാരും മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു (പ്രവൃത്തി 5:28-29). മനുഷ്യൻെറ നിയമം ദൈവ നിയമത്തിനു എതിരായി വരുമ്പോൾ നാം ദൈവത്തെ അനുസരിക്കണം.

ചില ആളുകൾ കരുതുന്നതു ഗവൺമെൻറിനെ സേവിക്കേണ്ടതു ലൗകിക മനുഷ്യരാണ്; ക്രിസ്ത്യാനികളല്ല എന്നാണ്. ഇതു ബൈബിൾ പഠിപ്പിക്കുന്നതല്ല. ദൈവത്തിനു ഒരേ ഒരു നിയമമാണ് സകല മനുഷ്യർക്കും ആയിട്ടുള്ളത്. ഒരാൾക്കു ഒന്നും മറെറാരാൾക്കു വേറൊന്നും എന്നതല്ല. നികുതി കൊടുക്കാതിരിക്കുന്നതാണ് തെററ്. ദേശീയഗാനം ആലപിക്കുന്നതും പതാകയെ വണങ്ങുന്നതും തെററല്ല. അതു ദൈവത്തെ വണങ്ങുന്നതുപോലെയല്ല. പതാകയെ നാം ബഹുമാനിക്കുന്നു എന്നേയുള്ളു. ഒരാളെ നാം വന്ദനം ചെയ്യുമ്പോൾ കൈകൂപ്പുന്നതു അദ്ദേഹത്തെ ബഹുമാനിക്കുന്ന സൂചനയാണ്. അല്ലാതെ അയാളെ നമസ്ക്കരിക്കലല്ല. ഇതു പോലെയുള്ള തെററായ വ്യാഖ്യാനങ്ങളിൽ ഒരു ക്രിസ്ത്യാനിയും കുടുങ്ങാതിരിക്കട്ടെ. സകലതും വിവേചിച്ച് നല്ലതു മുറുകെ പിടിക്കുക.

★

# ബൈബിളിൽ മാത്രം രക്ഷ

എൽവുഡ് ഹോൾട്ട്

പാപത്തിൽ നിന്നുള്ള മോചനം ഏതൊരാളും ആഗ്രഹിക്കുന്ന ഒന്നാണ്. എന്നാൽ അതിനു ആളുകൾ കണ്ടെത്തുന്നതു പല മാർഗ്ഗങ്ങളാണ്. യഥാർത്ഥമായ രക്ഷ എന്തെന്നും അതെങ്ങനെ ലഭിക്കുമെന്നും നാം തിരിച്ചറിയണം. എല്ലാവർക്കും ആവശ്യമായ ഒന്നാണ് രക്ഷ. ആദാമിന്റെയും ഹവ്വയുടേയും നിയമലംഘനം പിശാചിന്റെ പ്രേരണയാലാണ് സംഭവിച്ചത്. അതിന്റെ ഫലമായി പാപവും മരണവും ലോകത്തിലേക്കു കടന്നു വന്നു. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അങ്ങനെ പാപത്തിനും മരണത്തിനും അധീനനായി തീർന്നു. തിരിച്ചറിവുള്ള ഏതൊരാളും പാപം ചെയ്തു പാപിയായി തീരുന്നു ദൈവത്തിന്റെ പ്രമാണത്തെ ലംഘിക്കുന്നവരാണ് പാപികൾ. അപ്പൊസ്തലൻ പറയുന്നതു: ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവ തേജസ് നഷ്ടമാക്കി എന്നാണ് (റോമർ 3:23). നമ്മിൽ പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നാം ദൈവത്തെ അസത്യവാനാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലതെയായി (1 യോഹന്നാൻ 1:10).

മനുഷ്യരുടെ രക്ഷയെ കുറിച്ച് ധാരാളം തെറ്റായ കാഴ്ചപ്പാടുകൾ ഉണ്ട്. രക്ഷ എന്നതു ദൈവ കൃപയാൽ ലഭിക്കുന്നതുകൊണ്ടു മനുഷ്യർക്കു അതിൽ ഒരു പങ്കും ഇല്ല എന്ന അഭിപ്രായക്കാരുണ്ട്. വേറെ ചിലർ വിചാരിക്കുന്നതു രക്ഷ അത്ഭുതകരമായി സിദ്ധിക്കുന്നു എന്നാണ്. പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടൽ കൊണ്ടാണ് അതു കിട്ടുന്നതു എന്നതാണ് അവരുടെ പക്ഷം. എത്ര ശ്രമിച്ചാലും ആർക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയുകയില്ല എന്നും പിശാച് മനുഷ്യരെ തടഞ്ഞു നിർ

ത്തുമെന്നും ആണ് അവർ കരുതുന്നത്. അതുകൊണ്ടു കഴിവതും ആത്മാർത്ഥതയോടെ ജീവിക്കുക മാത്രമാണ് ചെയ്യേണ്ടതു എന്നാണ് അവരുടെ ഉള്ളിൽ ഉള്ളത്. ദൈവവചനവുമായി ഒത്തു നോക്കുമ്പോഴാണ് ഇവരെല്ലാം എത്രത്തോളം അബദ്ധ സഞ്ചാരികളാണെന്നു മനസിലാക്കുന്നതു. മത നായകന്മാർ വ്യത്യസ്ഥ രീതിയിലുള്ള രക്ഷാ പദ്ധതികളാണ് മനുഷ്യരെ പഠിപ്പിക്കുന്നത്. അതുകൊണ്ടു ലോകം ഇന്നു തെററിദ്ധരിക്കപ്പെട്ടിരിക്കുന്നതിൽ അതിശയിക്കാനില്ല. രക്ഷക്കുള്ള സത്യസന്ദേശം എന്തെന്നു അറിയുവാൻ നാം ബൈബിളിലേക്കു നോക്കണം.

ബൈബിൾ രക്ഷാ പദ്ധതി, കർത്താവിൻെറ മഹത്തായ ആജ്ഞയിൽ അടങ്ങിയിരിക്കുന്നു (മത്തായി 28:19). കർത്താവു ശിഷ്യന്മാരോടു പറഞ്ഞതു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ: പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു ശിഷ്യരാക്കികൊൾവിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16). പാപികൾക്കുവേണ്ടി മരിച്ചു, ഉയിർത്തെഴുന്നേററ കർത്താവാണ് ഈ കല്പന മനുഷ്യർക്കു നല്കിയതു. രക്ഷിപ്പാൻ തക്ക യോഗ്യൻ അവൻ മാത്രമെയുള്ളു. അവൻെറ നാമം സർവ്വ നാമത്തിലും മേലാകുന്നു (പ്രവൃത്തി 4:12).

ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും അവൻെറ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളോടും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇതിനു നിങ്ങൾ സാക്ഷികൾ ആകുന്നു (ലൂക്കൊസ് 24:45-47). ദൈവത്തിൻെറ മുൻ

കൂട്ടിയുള്ള പദ്ധതിയാണ് ഈ രക്ഷാ പദ്ധതി. മററാരു വിധത്തിലും മനുഷ്യരെ രക്ഷിപ്പാൻ കഴിയാത്തതിനാലാണ് ദൈവം ഈ പദ്ധതി രൂപപ്പെടുത്തിയതു. ദൈവ വ്യവസ്ഥയെ മാനിക്കുന്ന ഏതൊരാൾക്കും ഇതിൽ പങ്കു ചേരാം. അവസരം ദൈവം എല്ലാവർക്കും നല്കും. അതുപയോഗിക്കേണ്ടതു മനുഷ്യരാണ്.

ദൈവാത്മാവിനാൽ നല്കപ്പെട്ട അവൻെറ സത്യ വചനത്തിൽ രക്ഷക്കുള്ള നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. സുവിശേഷം പ്രസംഗിക്കപ്പെടണം. എല്ലാവരും അതു കേൾക്കണം. ശരിയായ അറിവു നേടിയിട്ടു വേണം വിശ്വസിക്കുവാൻ. വിശ്വാസം വന്ന ഒരാൾ പാപത്തിൽ നിന്നു ഒഴിഞ്ഞു മാറണം. ചിന്തയിലും പ്രവർത്തിയിലും ഉള്ള മോശമായ സ്വഭാവം മാററി, പരിശുദ്ധനായ ദൈവത്തിൻെറ നേരായ വഴിയിൽ സഞ്ചരിക്കാൻ ഒരുങ്ങണം. മാത്രമല്ല, മുൻ കഴിഞ്ഞ പാപങ്ങളെ മായിച്ചു കഴുകി ശുദ്ധരായി തീരുവാനുള്ള 'മുങ്ങൽ' സ്വീകരിക്കണം. പാപമോചനത്തിനായിട്ടുള്ള കല്പനയാണിത്.

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏക രക്ഷാ മാർഗ്ഗത്തിൻെറ പ്രത്യേകത ശ്രദ്ധിക്കുക. ക്രിസ്തുവിൻെറ ആജ്ഞ അതേപടി നിറവേററിയ അപ്പൊസ്തലന്മാർ അതങ്ങനെ തന്നെ പഠിപ്പിക്കയും വേദപുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തു. തിരുവെഴുത്തിൻ പ്രകാരം രക്ഷിക്കപ്പെടുവാൻ ഒരാൾ ആഗ്രഹിക്കുകയാണെങ്കിൽ അയാൾ സുവിശേഷ സന്ദേശം കേൾക്കണം (റോമർ 10:17). തുടർന്നു വിശ്വാസം ഉണ്ടാകണം. രക്ഷകനായ ക്രിസ്തുവിൽ ആ വ്യക്തി ആശ്രയിക്കണം (പ്രവൃത്തി 16:31). പാപങ്ങളിൽ നിന്നു അയാൾ ദൈവത്തിലേക്കു തിരിയണം. വഴി മാറി സഞ്ചരിക്കണമെന്നർത്ഥം (പ്രവൃത്തി 2:38; 17:30). ക്രിസ്തുവിലുള്ള വിശ്വാസത്തെ ഏററു പറയുകയും വേണം (മത്തായി 10:32). അതു രക്ഷക്കു വേണ്ടിയാണെന്നും വചനം നമ്മെ പഠിപ്പിക്കുന്നുണ്ട് (റോമർ 10:

10). പാപമോചനത്തിനായുള്ള സ്നാനവും ഏല്ക്കാൻ പറഞ്ഞിട്ടുണ്ട് (പ്രവൃത്തി 2:38; 22:16). രക്ഷയ്ക്കു വേണ്ടിയാണ് സ്നാനം എന്നതു വിസ്മരിക്കരുത് (1 പത്രോസ് 3:21).

ഇതാണ് ദൈവത്തിന്റെ പദ്ധതി. ദൈവത്തിന്റെ പദ്ധതിയാണ് ബൈബിൾ പദ്ധതി. പക്ഷെ മനുഷ്യരുടെ പദ്ധതികൾ വ്യത്യസ്തവും വിഭിന്നവുമാണ്. പാരമ്പര്യസിദ്ധാന്തവും ഭൂരിപക്ഷവും അനുശാസിക്കുന്ന പദ്ധതിയാൽ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കാവുന്നതല്ല. ദൈവത്തിന്റെ സത്യ വചനത്തിൽ വേറൊരു മാർഗ്ഗം രക്ഷക്കായി ഇല്ല (ഗലാത്യർ 1:6-9). ദൈവത്തിന്റെ ഏക ജാതനായ പുത്രൻ രക്ഷയുടെ കാരണ ഭൂതനായി തീർന്നതു സ്വർഗ്ഗീയ പിതാവിനെ പൂർണ്ണമായി അനുസരിച്ചു കൊണ്ടാണ്. ആ പുത്രന്റെ കല്പനകളെ നിഷേധിച്ചു കൊണ്ടു ആർക്കു രക്ഷിക്കപ്പെടാമെന്നു കരുതണ്ട. കർത്താവിന്റെ ഉപദേശത്തെ വിശ്വസിക്കയും അനുസരിക്കയും ചെയ്യുക എന്നതു മനുഷ്യരുടെ ധർമ്മമാണ്. അതിനു പകരമായി മറ്റെന്തു ചെയ്താലും അതു ദൈവത്തിനു സ്വീകാര്യമാവുന്നില്ല. സ്വർഗ്ഗത്തോടുള്ള നമ്മുടെ സമീപനം എങ്ങനെയിരിക്കുന്നു എന്നതാണ് ചിന്തിക്കേണ്ടതു.

ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ആത്മരക്ഷ നിങ്ങൾ പ്രാപിച്ചുവോ ? അതോ നിലവിലുള്ള മതാചാരങ്ങളാണോ നിങ്ങൾ അനുസരിച്ചത് ? കർത്താവിന്റെ കല്പനപ്രകാരം രക്ഷ പ്രാപിക്കുവാൻ ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നു. ദൈവത്തെ അനുസരിച്ച് ദൈവത്തെ പ്രസാദിപ്പിച്ച് ദൈവത്തിനു മഹത്വം കൊടുക്കുക. അതാണ് ശ്രേഷ്ടമായ സമീപനം.

★

## വാർത്തകൾ

# പശ്ചിമേഷ്യ: സമാധാന ഉച്ചകോടി നാളെ

രണ്ടാഴ്ചത്തെ രക്തച്ചൊരിച്ചിലിനുശേഷം പശ്ചിമേഷ്യയിൽ സമാധാന പുനഃസ്ഥാപനത്തിനു കളമൊരുങ്ങി. പലസ്തീൻ പ്രസിഡൻറ് യാസർ അറഫാത്ത്, ഇസ്രയേൽ പ്രധാനമന്ത്രി യഹൂദ് ബറാക് എന്നിവർ യു. എൻ. സെക്രട്ടറി ജനറൽ കോഫി അന്നാൻ, അമേരിക്കൻ പ്രസിഡൻറ് ബിൽ ക്ലിൻറൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അടിയന്തര സമാധാന ചർച്ചയ്ക്കു തയാറായിട്ടുണ്ട്. ഈജിപ്ത് പ്രസിഡൻറ് ഹുസ്നി മുബാറക്കിൻെറ മുൻകയ്യിലാണു ചർച്ച. ഈജിപ്തിലെ 'ഷാം അൽ ഷെയ്ഖി'ൽ നാളെ ചർച്ച നടക്കുമെന്നു ക്ലിൻറൻ പറഞ്ഞു.

അറഫാത്തിൻെറ ആസ്ഥാനത്തിനു നേരെ വ്യാഴാഴ്ച ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിനുശേഷം ഇന്നലെ മേഖല താരതമ്യേന ശാന്തമായിരുന്നു. അങ്ങിങ്ങ് ഒറ്റപ്പെട്ട ആക്രമണങ്ങൾ അരങ്ങേറി. ഹെബ്രോണിൽ പ്രതിഷേധ പ്രകടനത്തിനു നേരെ ഇസ്രയേൽ ടാങ്കുകൾ വെടിയുതിർത്തതിനെത്തുടർന്നു പലസ്തീൻകാരൻ കൊല്ലപ്പെട്ടു. ഹെബ്രോണിനടുത്ത് അയേർഡ്രി ക്യാംപിൽ ഇസ്രയേൽ പൊലീസിൻെറ മർദ്ദനമേററ ഒരാളും മരിച്ചു. പലസ്തീനിൽ പ്രതിഷേധപ്രകടനങ്ങൾ ഇരമ്പുകയാണ്. ലോകത്തിൻെറ വിവിധഭാഗങ്ങളിൽ ഇസ്രയേൽ വിരുദ്ധവികാരം അലയടിക്കുകയാണ്. ഇസ്ലാമിക രാഷ്ട്രങ്ങൾ ഇസ്രയേലിനെതിരെ പരസ്യമായ സമരാഹ്വാനവുമായി രംഗത്തുണ്ട്. ചില രാജ്യങ്ങളിൽ പ്രതിഷേധക്കാർ അമേരിക്കൻ എംബസികൾക്കെതിരെയും തിരിഞ്ഞതായി റിപ്പോർട്ടുണ്ട്.

## ബാബുവിനെകൊണ്ടു പോകാൻ ഇനി ചേച്ചിയെത്തും

രക്ഷിതാക്കളെ തേടിയ ബാബുവിനെ കൊണ്ടുപോകാൻ ഇനി ചേച്ചി എത്തും. തൃശൂർ ജുവനൈൽ ഹോമിൽ പാർപ്പിച്ചിരിക്കുന്ന രാമസ്വാമിയുടെ പുത്രൻ ബാബു ചെറുപ്പത്തിലേ തങ്ങളെ വിട്ടുപോയ അനുജനാണെന്ന് കൊയിലാണ്ടി വലിയങ്ങാട് കോയാന്റെ വളപ്പിൽ ദീപ (12) തിരിച്ചറിഞ്ഞു.

ജീവിതത്തിൽ ഒരിക്കൽപോലും കണ്ടുമുട്ടില്ലെന്നു കരുതിയ കൊച്ചനിയൻ തൃശൂർ ജുവനൈൽ ഹോമിൽ ബന്ധുക്കളെ തേടുന്നുവെന്ന 'മനോരമ' വാർത്ത അറിഞ്ഞപ്പോഴാം ദീപ സന്തോഷംകൊണ്ട് കരഞ്ഞുപോയി.

ബാല്യത്തിൽ അമ്മയും അച്ഛനും നഷ്ടമായ ദീപയ്ക്ക് മനസ്സിൽ നീറുന്ന ഓർമ്മയായിരുന്നു തന്റെ കൂടപ്പിറപ്പ്. അനാഥത്വത്തിന്റെ നിഴലിൽ വളർന്ന ദീപയ്ക്ക് കൊച്ചനുജനെ അന്വേഷിക്കാൻ അവസരം ഉണ്ടായില്ല. അനിയനെ പ്രസവിച്ച ഉടനെ ലീല മരിച്ചു. അനിയന് ഒന്നരവയസ്സായപ്പോഴാം രണ്ടാനച്ഛൻ രാമസ്വാമി കുട്ടിയെയുമെടുത്ത് നാടുവിടുകയായിരുന്നു. പിന്നീട് ഇവരെക്കുറിച്ചു വിവരമൊന്നും ഉണ്ടായില്ല. അന്ന് അഞ്ചു വയസ്സുള്ള ദീപ അമ്മയുടെ അനുജത്തി ശ്യാമളയുടെയും ഭർത്താവ് ഹോട്ടൽ തൊഴിലാളിയായ ജയന്റെയും സംരക്ഷണത്തിലാണ് വളർന്നത്.

ദീപയ്ക്ക് രണ്ടുവയസ്സുള്ളപ്പോഴാം അച്ഛൻ തിരുവനന്തപുരം സ്വദേശി അൽഫോൻസ് അമ്മയെ ഉപേക്ഷിച്ച് പോയതാണ്. പിന്നീടാണ് രാമസ്വാമിയെ ലീല വിവാഹം കഴിക്കുന്നത്. രണ്ടാമത്തെ പ്രസവത്തിനുശേഷം ക്ഷയ രോഗിയായ ലീല മരിച്ചപ്പോഴാം കുഞ്ഞിനെ ലീലയുടെ ബന്ധുക്കളെ ഏൽപ്പിക്കാൻ വിസമ്മതിച്ചാണ് രാമസ്വാമി നാടുവിട്ടത്.

# രണ്ടാം ഘട്ട തെരഞ്ഞെടുപ്പ് ജനുവരി അവസാന വാരം

വാർഡു വിഭജനം പൂർത്തിയാവാത്തതിന്റെ പേരിൽ തദ്ദേശ സ്ഥാപനങ്ങളിൽ മാററിവച്ച രണ്ടാംഘട്ട തെരഞ്ഞെടുപ്പ് ജനുവരി അവസാന വാരം നടക്കും. തീയ്യതി 16 നു തിരുവനന്തപുരത്തു പ്രഖ്യാപിക്കും. തെരഞ്ഞെടുപ്പ് നവംബറിൽ നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും ക്രമീകരണങ്ങൾ പൂർത്തിയാവാത്തതിനാൽ ജനുവരിയിലേക്കു മാററുകയായിരുന്നു.

നവംബർ അവസാന വാരത്തോടെ തെരഞ്ഞെടുപ്പു ക്രമീകരണം പൂർത്തിയാവുമെങ്കിലും 27 മുതൽ ഡിസംബർ 27 വരെ റമസാനായതിനാലാണു ജനുവരിയിലേക്കു മാററിവയ്ക്കുന്നതെന്നു തെരഞ്ഞെടുപ്പു കമ്മീഷണർ എം. എസ്. ജോസഫ് വ്യക്തമാക്കി. രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ അഭിപ്രായം കൂടി പരിഗണിച്ചാണു ഇക്കാര്യം തീരുമാനിച്ചതെന്നും അദ്ദേഹം പറഞ്ഞു.

മലപ്പുറം ജില്ലാ പഞ്ചായത്തിലും 19 ഗ്രാമ പഞ്ചായത്തിലും മൂന്നു ബ്ലോക്കു പഞ്ചായത്തിലും ജനുവരി അവസാനവാരം തെരഞ്ഞെടുപ്പു നടക്കും. ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു. മലപ്പുറം ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിലെ 1052 വാർഡിൽ തെരഞ്ഞെടുപ്പു മാററിവെച്ചിരുന്നു. കേരളത്തിൽ ഏററവും കൂടുതൽ തദ്ദേശ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പു മാററിവച്ചതു മലപ്പുറം ജില്ലയിലാണ്. കൂടുതൽ പരാതികളുണ്ടായതും മലപ്പുറത്തായിരുന്നു. ജില്ലാപഞ്ചായത്തു തെരഞ്ഞെടുപ്പു ആദ്യ ഘട്ടത്തിൽ നടക്കാതിരുന്ന ഏക ജില്ലയും മലപ്പുറമാണ്.

## വർക്കല റയിൽവേ സ്റ്റേഷനിൽ അസൗകര്യങ്ങൾ മാത്രം

റയിൽവേ സ്റ്റേഷനിലെ അസൗകര്യങ്ങൾക്കു പരിഹാരമില്ല. രണ്ടാം പ്ലാററ്ഫോമിനു മേൽക്കൂരയില്ല. ഒന്നാമത്തേതിനു നീളക്കുറവ്. മേൽക്കൂര ചോർന്നൊലിക്കുന്നു. ആയിരക്കണക്കിനു ജനങ്ങൾ നിത്യവും യാത്ര ചെയ്യുന്ന റയിൽവേ സ്ററേഷനാണ് വർക്കല. ഇരട്ടപ്പാത നിർമ്മാണത്തോടനുബന്ധിച്ചു രണ്ടാം പ്ലാററ്ഫോമിൻെറ നീളം കൂട്ടിയിരുന്നു. ഇവിടെ മേൽക്കൂര ഇല്ലാതെ ജനങ്ങൾ വലയുകയാണ്. ഇരിക്കാനും സൗകര്യമില്ല.

നിലവിലുള്ള ഒന്നാം പ്ലാററ്ഫോമിൻെറ സ്ഥിതിയാണ് ഏററവും ദയനീയം. ലക്ഷങ്ങൾ മുടക്കി സമീപകാലത്തു നിർമിച്ച ഒന്നാം പ്ലാററ്ഫോമിൻെറ മേൽക്കൂര ഏതാണ്ടു പൂർണമായും ഉപയോഗയോഗ്യമല്ലാതായി. എല്ലാഭാഗവും ചോർന്ന് ഒലിക്കുന്നു. തൂണുകളോടു സ്ഥാപിച്ച വെള്ളം ഒഴുകാനുള്ള കുഴലുകൾ പൊട്ടി പ്ലാററ്ഫോമിലേക്കു ഒഴുകിനിറയുന്നു. തറയിൽ പാകിയ സിമൻറു പാളികൾ പല നിരപ്പിലായതുകൊണ്ടു ചെളി കെട്ടുകയും നടക്കാൻ അസൗകര്യമുണ്ടാക്കുകയും ചെയ്യുന്നു. ഒന്നാം പ്ലാററ്ഫോമിൻെറ നീളക്കുറവും യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നുണ്ട്.

ബോഗികൾ കുറഞ്ഞ പാസഞ്ചർ ട്രെയിനൊഴികെ ഏതു ട്രെയിൻ വന്നു നിന്നാലും മുൻഭാഗവും പിൻഭാഗവും പ്ലാററ്ഫോമിനു വെളിയിലാവും. സ്ത്രീകളുടെ കംപാർട്ടുമെൻറായിരിക്കും ഈ ഭാഗത്തുവരിക. വൃദ്ധകളടക്കമുള്ള സ്ത്രീകൾ ഇവിടെ ഇറങ്ങാനും കയറാനും പെടാപാടുപെടണം. സ്ത്രീകൾ വീണു പരുക്കേററ സംഭവങ്ങളുമുണ്ട്.

★

# സകല ഭാരവും വിടുക

W. A. ഹോളെ

ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുററും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവ സിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു (എബ്രായർ 12:1-2).

ആരാണ് എബ്രായ ലേഖനം എഴുതിയതെന്നു നമുക്ക് അറിഞ്ഞുകൂടാ. മററു വാക്യങ്ങൾ അനുസരിച്ച് പൌലൊസ് എഴുതാൻ സാദ്ധ്യതയില്ല എന്നു നമുക്ക് അനുമാനിക്കാം (2 തെസലൊനിക്യർ 3:17). ആരെഴുതിയാലും അതിലെ പ്രതിപാദ്യവിഷയങ്ങൾ ആധികാരികവും വിശ്വസനീയവും തന്നെ.

പശ്ചാത്തലം എന്തെന്നാൽ അന്നത്തെ എബ്രായ ക്രിസ്ത്യാനികൾ ക്രിസ്തുവിനെയും അവന്റെ സഭയെയും വിട്ടു പഴയ നിയമാചാരത്തിലേക്കും ന്യായപ്രമാണത്തിലേക്കും തിരിഞ്ഞിരിക്കുന്നതാണ്. ഇതു തികച്ചും വേദനാജനകം തന്നെയാണ്.

എബ്രായ സഹോദരന്മാരെ, ഈ ലേഖകൻ ഉത്തേജിപ്പിക്കുന്നതിനു പഴയ നിയമത്തിലെ വിശ്വാസ നായകന്മാരെ എടുത്തു കാണിക്കുന്നുണ്ട്. പുരാതന കാലത്തു ജീവിച്ച അവരുടെ വിശ്വാസ നേട്ടങ്ങളെയും ചൂണ്ടി കാണിക്കുന്നുണ്ട്. അവർക്കു ചുററും സാക്ഷികളുടെ ഒരു വലിയ സമൂഹം തന്നെ ഉണ്ടായിരുന്നതായി പറയുന്നു. അവർ ഇവരു

ടെ വിശ്വാസ മാതൃക നേരിട്ടു കണ്ടവരാണ്. ക്രിസ്ത്യാനികൾ അവരുടെ വിശ്വാസ ഓട്ടം ഓടുമ്പോൾ അവർ ഇവരെ നോക്കുകയാണ്. എന്നാൽ ക്രിസ്തീയ ഓട്ടത്തിൽ വിജയം കൈവരിക്കണമെങ്കിൽ അവർ തടസങ്ങളും ഭാരങ്ങളും പ്രതിബന്ധങ്ങളും നീക്കം ചെയ്യണം. സ്ത്രീയായാലും പുരുഷനായാലും അവരുടെ വിജയത്തിനു പ്രതികൂലമാകുന്ന ഭാരങ്ങളെ മാററി എടുക്കണം. 1 കൊരിന്ത്യർ 9: 24-27; ദയവായി വായിക്കുക.

ഹെബ്രിയയിററ് മത്സരങ്ങളിൽ പരിശീലനം നടത്തുന്നവർ മത്സരത്തിനു മുൻപ് വർജ്ജിക്കേണ്ടതെല്ലാം അവർ വർജ്ജിക്കും. നാം ഈ കാര്യത്തിൽ എന്തറിയണമോ അതു പൌലൊസിൽ നിന്നു പഠിക്കുന്നുണ്ട് (1 കൊരിന്ത്യർ 9:27). നമ്മെ വളരെ എളുപ്പത്തിൽ കീഴ്പ്പെടുത്തുന്ന ഒന്നാണ് പാപം. സംശയം അഥവാ അവിശ്വാസം വളരെ പേരെ കീഴ്പ്പെടുത്തിയിട്ടുണ്ട് (എബ്രായർ 11:6; റോമർ 10:17; യോഹന്നാൻ 8:24; മർക്കൊസ് 16:16).

## വിട്ടു കളയേണ്ട കാര്യങ്ങൾ

1. പഴയ നിയമം എന്ന ന്യായപ്രമാണം നീങ്ങപ്പെട്ടു എന്നു എബ്രായ ക്രിസ്ത്യാനികൾ തിരിച്ചറിയേണ്ടിയിരുന്നു (എബ്രായർ 2:13-22). പഴയ ഉടമ്പടി ക്രൂശിൽ തറച്ചു (കൊലൊസ്യർ 2:14-17). ന്യായപ്രമാണത്തിൻ കീഴുണ്ടായിരുന്ന പൌരോഹിത്യ വ്യവസ്ഥ മാറിയതോടൊപ്പം ന്യായപ്രമാണവും മാറി. യേശുക്രിസ്തു മഹാ പുരോഹിതനായി തീർന്നു (എബ്രായർ 7:12-14; 9:15-17; 2 കൊരിന്ത്യർ 3:13-18). പുതിയ നിയമത്തെ വിട്ടു പഴയ നിയമത്തിലേക്കു തിരിയുന്നവർ തങ്ങളുടെ മനസ്സും ഹൃദയവും മന്ദമാക്കിയിരിക്കയാണ്. ഇന്നും പുതിയ നിയമം അനുസരിക്കാതെ പഴയ നിയമ കല്പനകൾ അനുസരിക്കുന്നവർ ഉപേക്ഷിക്കേണ്ടതു മനസിലാക്കാതെ പോകുന്നു.

ക്രിസ്ത്യാനികൾ ഇന്നു മൃഗങ്ങളെ ബലി കഴിക്കയോ

ശബ്ബത്തു ആചരിക്കയോ, യെഹൂദന്മാരുടെ പെരുന്നാൾ ആഘോഷിക്കയോ ചെയ്യേണ്ടതില്ല. കഴിഞ്ഞുപോയ നിയമം വലികൾ ഇന്നു പുതിയ നിയമ ക്രിസ്ത്യാനികൾ പാലിക്കുന്നതു വിരോധാഭാസമാണ്.

2. ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള അവയവങ്ങളെ മരിപ്പിപ്പിൻ. ഈ വക നിമിത്തം ദൈവ കോപം അനുസരണം കെട്ടവരുടെമേൽ വരുന്നു. അവയിൽ ജീവിച്ചിരുന്ന കാലം നിങ്ങളും മുമ്പെ അവയിൽ നടന്നു വന്നു. ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽ നിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവയൊക്കെയും വിട്ടുകളവിൻ. ഈ വിധ പാപത്തിൽ ജീവിക്കുന്നതു സാധാരണയാണ്.

3. ജഡത്തിന്റെ പ്രവർത്തികളെ നാം ഉരിഞ്ഞു കളയണം. ദുർന്നടപ്പ്, യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറക പോലും അരുതു; അങ്ങനെയാകുന്നു വിശുദ്ധന്മാർക്കു ഉചിതം. ചീത്തത്തരം പൊട്ടച്ചൊൽ കളിവാക്കു ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുതു; ഇരുളിന്റെ നിഷ്ഫല പ്രവർത്തികൾക്കു കൂട്ടാളികൾ ആകരുതു; അവയെ ശാസിക്കയത്രെ വേണ്ടതു. ഉറങ്ങുന്നവർ മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേല്ക്കുക. ജഡത്തിന്റെ പ്രവർത്തികൾ ചെയ്യുന്നവർ ഒരിക്കലും ദൈവരാജ്യം അവകാശമാക്കുകയില്ല.

4. പകൽ സമയത്തു എന്ന പോലെ നാം മര്യാദയായി നടക്ക. വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല, കർത്താവായ യേശുക്രിസ്തുവിനെ തന്നേ ധരിച്ചുകൊൾവിൻ. മോഹങ്ങൾ ജനിക്കുമാറു ജഡത്തിനായി ചിന്തിക്കരുതു (റോമർ 13:13-14). ഒന്നിനൊന്നോടു ചേർന്നിരിക്കുന്ന പാപ സ്വഭാവം നമ്മെ പാപ വർ

ദ്ധനവിലേക്കു നയിക്കുന്നു. അവസാനം തന്റെ ഏതു പ്രവർത്തിയെയും ന്യായീകരിക്കുന്ന അവസ്ഥയിലേക്കു മനസാക്ഷി എത്തുന്നു (സദൃശവാക്യങ്ങൾ 30.20; യാക്കോബ് 1:13-15; റോമർ 6:23).

5. ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കി കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപോലെ രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛരിപ്പിൻ (1 പത്രൊസ് 2:1-2). എല്ലാ ഒഴിവുകഴിവുകളും ചിന്താകുലങ്ങളും ക്രിസ്ത്യാനികൾ വിട്ടു കളയണം. നമുക്കു വേണ്ടി കരുതുന്ന ദൈവത്തിൽ ആയിരിക്കണം നമ്മുടെ ആശ്രയം (ലൂക്കൊസ് 12:22-34; മത്തായി 6: 25-34; 1 പത്രൊസ് 5:7).

6. നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലെ സംഭവങ്ങളെ കുറിച്ച് ഓർത്തു ദുഃഖിക്കേണ്ടതില്ല. നാം കഴിഞ്ഞ കാലത്തിൽ ജീവിച്ചാൽ നമ്മുടെ ജീവിതം ഫലശൂന്യമായിരിക്കും. നമ്മുടെ മനസിനെ കീഴ്പ്പെടുത്തുന്ന ചില കാര്യങ്ങളെ നാം ധൈര്യപൂർവ്വം വിട്ടുകളയണം. ദാവീദ് രാജാവ് ഈ കാര്യത്തിൽ നമുക്കു നല്ലൊരു മാതൃകയാണ്. തന്റെ മകൻ മരിച്ചു എന്നറിഞ്ഞ ഉടനെ അവൻ തന്റെ സാധാരണ ജീവിതത്തിലേക്കു തിരിച്ചു വന്നു (2 ശമുവേൽ 12:23).

തിരിച്ചു കൊണ്ടു വരുവാനസാദ്ധ്യമായ വർക്കുകളെ കുറിച്ച് ഓർത്തു സമയം നഷ്ടപ്പെടുത്തുന്നതു എന്തിന്? തെററുകൾ തിരുത്തി മാനസാന്തരപ്പെട്ടു ദൈവ കല്പനകൾ അനുസരിച്ച് ജീവിക്കുക. ദൈവ വാഗ്ദാനങ്ങളിൽ ആശ്രയിച്ച് ജീവിതം നയിക്കുക (എബ്രായർ 8:10-13: 1 യോഹന്നാൻ 1:6-10).

★

# രക്ഷ

## ബോബി കെ

ആത്മീയ തലത്തിൽ വളരെയധികം പറഞ്ഞു കേൾക്കാറുള്ള പദമാണല്ലോ രക്ഷ എന്നതു. ആത്മീയമായും ഭൗതികമായും രക്ഷ ഏതൊരു സൃഷ്ടികൾക്കും ആവശ്യമാണ്. കഷ്ടതയിൽ നിന്നുള്ള വിടുതൽ, സാമ്പത്തിക പരാധീനതയിൽ നിന്നുള്ള വിടുതൽ ഏതൊരാളെയും സന്തോഷിപ്പിക്കും. ഒരു വ്യക്തിയുടെ രക്ഷ കുടുംബത്തിന്റെ രക്ഷയായി തീരുന്നുണ്ട്. മൊത്തത്തിലുള്ള ഭാരത്തിനു അയവു വരുന്നതാണല്ലോ അത്തരം സന്ദർഭങ്ങൾ. ഭൗതികമായ രക്ഷ ഏതു വിധത്തിലുള്ളതായാലും അതു താല്ക്കാലികമാണ്. എന്നാൽ ആത്മീയ രക്ഷ നിത്യമായ ഫലം ഉളവാക്കുന്നതാണ്. അവസ്ഥാന്തരം ഇതിൽ അടങ്ങിയിരിക്കുന്നു. ശിക്ഷയിൽ നിന്നു വിടുതൽ ലഭിക്കുക എന്നതു നിസാര കാര്യമല്ല. ആത്മാവിനെ ശിക്ഷിക്കുന്ന അവസ്ഥക്കു വ്യത്യാസം ലഭിക്കുന്നതു വലിയ കാര്യം തന്നെയാണ്. പക്ഷെ പലരും അതിനെ ലാഘവത്തോടെ കാണുന്നുണ്ട്.

ചോദിക്കാവുന്നതിൽ വെച്ച് ഏററവും വലിയ ചോദ്യമാണ് മക്കദോന്യ പട്ടണമായ ഫിലിപ്പിയയിലെ കാരാഗൃഹ പ്രമാണി ചോദിച്ചതു. ''യജമാനൻമാരേ, രക്ഷ പ്രാപിപ്പാൻ ഞങ്ങൾ എന്തു ചെയ്യേണ്ടു ?'' ചരിത്രത്തിൽ പലരും ഇത്തരം ചോദ്യങ്ങൾ പലരോടും ചോദിച്ചിട്ടുണ്ടാകാം. രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണമെന്നു ചോദിക്കുന്നവർക്കു തൃപ്തികരമായ മറുപടി ദൈവം തന്നെയാണ് നല്കുന്നതു. മനുഷ്യർ നല്കുന്ന മറുപടി ശരിയായിരിക്കയില്ല. കാരണം രക്ഷിപ്പാൻ കഴിവുള്ളതു ദൈവത്തിനാണ്. ശിക്ഷിപ്പാനും ദൈവത്തിനാണ് അധികാരമുള്ളത്. ദൈവോദ്ദേശം നിറവേററപ്പെടുമ്പോഴാണ് ശരിയായ ഫലം നമുക്ക് ആസ്വദിക്കാൻ കഴിയുന്നത്.

ദൈവത്തിൽ നിന്നു സൗജന്യമായി ലഭിക്കുന്ന രക്ഷയ്ക്കു ഒരു നിബന്ധന ഉള്ളതായി ഈ ചോദ്യം നമ്മുടെ മനസിൽ വ്യക്തമാക്കുന്നു. മനുഷ്യരുടെ ഭാഗത്തു നിന്നു അതിനായി ചിലതു ചെയ്യേണ്ടതായിട്ടുണ്ട് എന്നു തെളിയുന്നു. ആ ചോദ്യത്തിനുള്ള ഉത്തരം നാം നോക്കിയാൽ അതു ഗ്രഹിക്കാനാകും. മനുഷ്യരുടെ ആയുസ് വളരെ ചുരുങ്ങിയതാണ്. എന്നാൽ നിത്യതയോ ദീർഘമായ കാലയളവാണ്. സ്വർഗ്ഗം വളരെ വിലയേറിയതും നരകം വളരെ ഭയങ്കരവുമാണ്. രക്ഷയെ കുറിച്ചുള്ള ചോദ്യം നിസാരമായി തള്ളികളയാവുന്നതല്ല. കാരണം അതു നമ്മുടെ മരണാനന്തര ജീവിതത്തെ ബാധിക്കുന്ന ഒന്നാണ്.

പാപം നമ്മിൽ ഉണ്ടെന്നും പാപമാണ് നമ്മെ നഷ്ടപ്പെടുത്തുന്നതെന്നും നാം തിരിച്ചറിയുകയും സമ്മതിക്കയും വേണം. നമുക്കു കൊടുത്തു തീർക്കാൻ പററാത്ത ഒരു കടമാണ് നമുക്കുള്ളത്. അതുകൊണ്ടു താൻ ഒരിക്കലും കടപ്പെടാതിരിക്കുന്നതായ നമ്മുടെ കടം കർത്താവു കൊടുത്തു തീർക്കാൻ മനസുവെച്ചതുകൊണ്ടു അവനിലേക്കു തിരിയുകയാണ് ഉത്തമമായ മാർഗ്ഗം. രക്ഷിക്കാൻ ശക്തിയുള്ള ഒരാൾ മാത്രമെയുള്ളു. നമുക്കു ആശ്രയിക്കാനുള്ളതു ക്രൂശിൽ മരിച്ച കർത്താവിൻെറ യാഗത്തിലാണ്. ക്രൂശിൻെറ മഹത്വം അറിയാത്തവർ ധാരാളമുണ്ട്. അപ്പൊസ്തലനായ പൌലൊസ് അതു വിശദമാക്കിയിട്ടുണ്ട്. കർത്താവായ യേശുക്രിസ്തുവിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാത്യർ 6: 14). കാൽവറി മുഖാന്തരമല്ലാതെ പാപം മായിച്ചു കളവാൻ മററു മാർഗ്ഗമില്ല. പദ്ധതി എന്തായിരുന്നാലും യേശുവിൻെറ ക്രൂശിലെ മരണവും ചൊരിഞ്ഞ രക്തവും മാററി നിർത്തിയാൽ രക്ഷ അസാദ്ധ്യമായി തീരും.

ദൈവവും തൻെറ പുത്രനും നമ്മിൽ നിന്നു ആഗ്രഹിക്കുന്നതു എന്തായാലും അതു വിശുദ്ധമായിരിക്കും. കാ

രണം നമ്മുടെ നായകൻ വിശുദ്ധനാണ്. രക്ഷ ദൈവത്തിന്റേയും അതിന്റെ വക്താവു ക്രിസ്തുവും അതിന്റെ വില, യേശുവിന്റെ രക്തവുമാണ്. ഓരോ പാപിയും തന്റെ ഹൃദയത്തെ തുറന്നു ദൈവത്തിന്റെ മനോഹര സ്നേഹത്തെ മനസിലാക്കണം. ക്രിസ്തു മുഖാന്തരമുള്ള പ്രത്യാശാവചനത്തെയും കൈക്കൊള്ളണം. ആദ്യം ദൈവം പറഞ്ഞിട്ടുള്ളതു കേൾക്കാതെ ആർക്കും ദൈവത്തോടു അടുക്കുവാൻ കഴിയുകയില്ല. വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു. (റോമർ 10:17). ക്രിസ്തുവിന്റെ വചനമാകുന്ന സുവിശേഷമാണ് ഇന്നു മനുഷ്യരെ രക്ഷിക്കുന്നതു (റോമർ 1:16). സ്വർഗ്ഗത്തിൽ നിന്നു വരുന്ന സന്ദേശം കേൾക്കണം. അതു നാം അങ്ങനെതന്നെ വിശ്വസിക്കണം. ചിലർ സത്യം കേൾക്കുന്നുണ്ടെങ്കിലും അവ വിശ്വസിക്കായ്കയാൽ അവർ അസത്യം വിശ്വസിക്കുവാനിടയാകുന്നു. സത്യ വചനത്തെ പരിശോധിച്ച് സ്വീകരിക്കുവാനുള്ള ഹൃദയമാണ് നമുക്കുണ്ടാകേണ്ടതു. പിശാച് കർത്താവിന്റെ ഉപദേശം ആളുകൾ കൈക്കൊള്ളാതിരിക്കുവാൻ അവരുടെ മനസു കുരുടാക്കി വെച്ചിരിക്കുന്നു. യഥാർത്ഥ സത്യത്തെ കാണുവാൻ അവരുടെ ഉൾക്കണ്ണു തുറക്കണം.

സകല മനുഷ്യരിലും ഉണ്ടാകേണ്ട ഒന്നാണ് വിശ്വാസം. വിശ്വാസം കൂടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല. നിയമലംഘനം നടത്തിയതുകൊണ്ടു ആ സ്വഭാവം ഉപേക്ഷിക്കണം. പാപ സ്വഭാവം നീർത്തി മനസിലും പ്രവൃത്തിയിലും ദൈവ വഴിയിൽ ചിന്തിക്കാനും പ്രവർത്തിക്കാനും തീരുമാനിക്കണം (റോമർ 10:9-17). ദൈവ പദ്ധതിക്കനുസരിച്ചുള്ള ഒരു വേർതിരിവാണ് ജീവിതത്തിൽ വേണ്ടതു. താല്ക്കാലിക മാററം അല്ല ദൈവം ആഗ്രഹിക്കുന്നതു. സ്ഥിരമായ മാററമാണ്. സ്നാനം എന്ന കല്പന വചനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമാണ് എല്ലാവരും അനുസരിക്കേണ്ടതു. തെററായ രീതിയി

ൽ സ്നാനമേററു ന്യായീകരിക്കാൻ നോക്കരുത്. തെററു തെററാണെന്നു ബോധ്യപ്പെട്ടു തിരുത്തുക. ദൈവ കല്പനക്കു പകരം മററൊന്നില്ല. അതിനോടു കൂട്ടുവാനോ അവയിൽ നിന്നു ഏതെങ്കിലും കുറവു ചെയ്യാനോ ശ്രമിക്കരുത്. അതു ദൈവത്തെ പരിഹസിക്കലാകും. ദൈവം കല്പിച്ചിരിക്കുന്ന ചട്ടങ്ങളും വിധികളും അങ്ങനെ തന്നെ പ്രമാണിക്കുമ്പോഴാണ് ദൈവപ്രസാദം നമുക്കു കിട്ടുന്നതു. അല്ലെങ്കിൽ ദൈവ കോപമായിരിക്കും അനുഭവപ്പെടുക. വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16).

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന ചോദ്യത്തിനു കാരാഗൃഹ പ്രമാണിക്കു ലഭിച്ച മറുപടി, കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്നതായിരുന്നു (പ്രവൃത്തി 16:31). കർത്താവിന്റെ വചനമാണ് പൌലൊസ് അവനോടു സംസാരിച്ചതു. ആ വചനത്താൽ അവനു വിശ്വാസം വന്നു. ആ രാത്രിയിൽ അതേ നാഴികയിൽ തന്നെ കാരാഗൃഹപ്രമാണി അവരുടെ മുറിവുകൾ കഴുകി. ഈ കാരാഗൃഹപ്രമാണി അവരെ അടിച്ചു മുറിവേല്പിച്ചതാണ്. ആ മുറിവുകളെ ഇപ്പോൾ അവൻ തന്നെ കഴുകുകയാണ്. അവന്റെ മനസിലുണ്ടായ മാററം പ്രവൃത്തിയിൽ കാണപ്പെട്ടു. ഇതാണ് വാസ്തവത്തിലുള്ള മാനസാന്തരം. പിന്നീട് അവൻ കർത്താവിന്റെ നിർദ്ദേശം അനുസരിച്ചു സ്നാനമേല്ക്കയും ചെയ്തു. അതിനുശേഷം അവൻ ആ തടവുകാർക്കു ഭക്ഷണവും കൊടുത്തു. ദൈവത്തിൽ വിശ്വസിച്ചതുകൊണ്ടു അവനും അവന്റെ വീട്ടിലുള്ള എല്ലാവരും ആനന്ദിച്ചു.

★

# എന്താണ് കൃപ

ഡെന്നിസ് ലോയ്ഡ്

ആറു ദിവസം കൊണ്ടു ദൈവം ഭൂമിയും അതിലുള്ളതൊക്കെയും നിർമ്മിച്ചു. അതിനുശേഷം താൻ ഉണ്ടാക്കിയതെല്ലാം നല്ലതെന്നു ദൈവം കണ്ടു (ഉല്പത്തി 1:31). ഭൗതികമായ ലോകം തികവുള്ളതും അതിലെ സ്ത്രീക്കും പുരുഷനും ആസ്വദിക്കാൻ തയ്യാറാക്കിയതുമായിരുന്നു. എന്നാൽ വീണ്ടെടുപ്പിൻ പദ്ധതി അതിന്റെ പ്രയോജനത്തോടുകൂടെ വെളിപ്പെടുത്തേണ്ടിയിരുന്നു. ഒരു തിരഞ്ഞെടുപ്പിൻ പ്രക്രിയ വേണ്ടിയിരുന്നു. അതു ആത്മീയ നേതൃത്വം കുടുംബ തലവന്മാരിലൂടെ കൊടുക്കേണ്ടിയിരുന്നു. പ്രവാചകന്മാരായും പുരോഹിതന്മാരായും പൂർവ്വിക പിതാക്കന്മാർ സേവ ചെയ്തു. ദൈവത്തെ ആദരിച്ചു സേവിക്കേണ്ടതിന്നു പിന്നീട് ഒരു ദേശമായി ഇസ്രായേലിനെ രൂപപ്പെടുത്തി എടുത്തു.

വളരെ വിശദമായ നിയമാവലി തന്നെ ദൈവം ഇസ്രായേലിന്നു വേണ്ടി മോശെ മുഖാന്തരം നല്കി. ആ പ്രമാണങ്ങളിൽ വിവിധ വ്യവസ്ഥകൾ ദൈവം കൊടുത്തിരുന്നു. മനുഷ്യർ എങ്ങനെ ജീവിക്കണം, തങ്ങളെത്തന്നെ എങ്ങനെ ആരോഗ്യപരമായി സൂക്ഷിക്കണം, അന്യോന്യം ഏതു വിധത്തിൽ ബന്ധം സൂക്ഷിക്കണം എന്നൊക്കെ അതിൽ പ്രതിപാദിച്ചിരുന്നു. ഓരോരുത്തരുടേയും കുടുംബാംഗങ്ങൾ തമ്മിൽ തമ്മിൽ എങ്ങനെ പെരുമാറണമെന്നും പറഞ്ഞിരുന്നു. കൂടാതെ മനുഷ്യൻ സാമൂഹ്യ ജീവിയാണല്ലോ. അതുകൊണ്ടു ഒരാളുടെ സാമൂഹ്യ ബന്ധം ഭംഗിയായി കൊണ്ടു പോകാനുള്ള നിർദേശങ്ങളും കൊടുത്തിരുന്നു. ചുരുക്കി പറഞ്ഞാൽ മനുഷ്യനു വേണ്ട അടിസ്ഥാനോപദേശം ദൈവം ആളുകൾക്കു കൊടുത്തിരുന്നു.

കാലസമ്പൂർണ്ണതയിൽ സ്ത്രീയുടെ സന്തതിയായി ദൈവത്തിന്റെ പുത്രനായി യേശു ന്യായപ്രമാണത്തിൻ കീഴെ ജനിച്ചു. അതു മനുഷ്യരെ വീണ്ടെടുക്കുന്നതിനു വേണ്ടിയായിരുന്നു. തന്റെ എല്ലാ ആത്മിയമായ പ്രയോജനങ്ങളും തന്റെ സൃഷ്ടികൾ അനുഭവിക്കേണ്ടതിനു ദൈവം തന്നെ വഴി ഒരുക്കി. ക്രൂശിൽ കിടന്നു സകലവും നിവർത്തിയായി എന്നു യേശു പറഞ്ഞപ്പോൾ ദൈവോദ്ദേശം പൂർണ്ണമായി എന്നു വ്യക്തമാകുന്നു. അതിനു മുൻപ് തോട്ടത്തിൽ വെച്ച് യേശു പ്രാർത്ഥിക്കുകയുണ്ടായി: പിതാവേ, നീ എന്നെ ഏല്പിച്ച പ്രവൃത്തി ഞാൻ പൂർത്തിയാക്കി ഭൂമിയിൽ ഞാൻ നിന്നെ മഹത്വപ്പെടുത്തി (യോഹന്നാൻ 17:4). പിതാവിന്റെ ഇഷ്ടമായിരുന്നു കർത്താവ് ചെയ്തതെല്ലാം. നാമും പിതാവിന്റെ ഇഷ്ടമാണ് ചെയ്യേണ്ടത്.

ദൈവത്തിന്റെ ശക്തി, ധർമ്മോപകാരം, ദാനം, അവന്റെ മഹിമയുടെ വലുപ്പം എന്നിവ എല്ലാം നോക്കുമ്പോൾ പുതിയ നിയമത്തിൻ കീഴിൽ ജീവിക്കുന്ന നാം മോശെയുടെ ന്യായപ്രമാണത്തിൽ ജീവിച്ചിരുന്നവരെക്കാൾ എത്രയോ ശ്രേഷ്ഠമായ, മഹത്തായ എന്നീ വാക്കുകൾ ഉപയോഗിച്ചു വ്യത്യാസത്തെ എടുത്തു കാണിക്കുന്നുണ്ട്. ക്രിസ്തുവിൽ ദൈവത്തിന്റെ വാഗ്ദാനങ്ങളും ദാനങ്ങളും അത്രമാത്രം വലുതാണ് എന്നു നമ്മെ പ്രബോധിപ്പിക്കുന്നു.

യെഹൂദന്മാർക്കു അവരുടെ ആരാധനയിൽ നിന്നു പ്രതീക്ഷിക്കാവുന്നതിനേക്കാൾ എത്രയോ ഉയർന്ന പ്രതീക്ഷ ഇന്നു ക്രിസ്ത്യാനികൾക്കു തങ്ങളുടെ ആരാധനയിൽ നിന്നു കിട്ടുന്നു. ആ താരതമ്മ്യ പഠനം നമ്മെ ഓർപ്പിക്കുന്നതു അതാണ്. കൂടാരത്തിനായി ദൈവം മോശെക്കു കൊടുത്ത പദ്ധതിയിൽ പ്രധാനമായി ഉണ്ടായിരുന്നതു അതി വിശുദ്ധ സ്ഥലത്തെ കൃപാസനമായിരുന്നു (പുറപ്പാട് 37:6_

9). നിയമ പെട്ടകത്തിന്റെ മുകളിലായി അതു സ്ഥിതി ചെയ്തിരുന്നു. ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ പ്രായശ്ചിത്ത ബലിയുമായി തിരശീലക്കകത്തേക്കു കടക്കുമ്പോഴം പ്രതീക്ഷിക്കാവുന്ന ഏററവും വലിയ പ്രതീക്ഷ ദൈവത്തിന്റെ കൃപയായിരുന്നു. ദൈവം അവരോടു കരുണ കാണിക്കേണ്ടതിനു അവർ രക്തമാണ് കൊടുത്തിരുന്നത്. ദൈവത്തിന്റെ ദയവിനും കരുണക്കും അപ്പുറമായി അവർക്കൊന്നും പ്രതീക്ഷിക്കാനില്ലായിരുന്നു. കൊടുത്തിരുന്ന രക്തം പൂർണ്ണമായിരുന്നില്ല. മററൊരു പ്രവൃത്തിയും ഇതിന്നായി അവർ ആചരിക്കേണ്ടിയിരുന്നില്ല.

എന്നാൽ യേശു തിരശീല കടന്നു സ്വർഗ്ഗത്തിലേക്കു പോയിരിക്കയാൽ, ആ മഹാപുരോഹിതന്റെ യാഗം നിത്യമായതും തികവുള്ളതും ആയിരുന്നു. അവൻ നമുക്കു വേണ്ടി ഇന്നും പക്ഷവാദം ചെയ്തുകൊണ്ടിരിക്കയാൽ നമുക്കു ധൈര്യത്തോടെ അവന്റെ കൃപാസനത്തോടു അടുത്തു ചെല്ലാം. അവനിൽ നിന്നു ആവശ്യമുള്ള കൃപ നമുക്കു ലഭിക്കയും ചെയ്യും (എബ്രായർ 4:16).

ഇസ്രായേൽ ജനത്തിനു കൃപയ്ക്കായി ദൂരെ നിന്നു അപേക്ഷിക്കുവാനാണ് അവസരം കിട്ടിയതെങ്കിൽ ഒരു ക്രിസ്ത്യാനിക്കു ദൈവത്തോടു അടുത്തു ചെല്ലുവാനുള്ള അവസരമാണുള്ളത്. യേശുവിന്റെ മരണത്താൽ മനുഷ്യർക്കുള്ള പാപത്തിനുള്ള ശിക്ഷ നീങ്ങി കിട്ടിയതാണ് കാരണം. ദൈവ കൃപയാൽ മനുഷ്യരെ നോക്കുന്നതുകൊണ്ടു മുൻ കഴിഞ്ഞ പാപങ്ങളെ ദൈവം കണക്കിടാതിരിക്കുന്നു. യേശുവിന്റെ രക്തമാണ് അവയെ മായ്ച്ചു കളയുന്നത്. പാപിയെ ദൈവം രക്ഷിക്കുന്നതു തന്നെ കൃപയാണ്. കൃപയാലത്രെ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പൌലൊസ് പറഞ്ഞിട്ടുണ്ട് (എഫെസ്യർ 2:8).

നാം സ്നേഹിക്കുന്നവർക്കു ദാനം ചെയ്യാറുണ്ട്. എന്താണ് കാരണം ? അവരെ സന്തോഷിപ്പിക്കുന്നതു മൂലം

നമുക്കും സന്തോഷമുണ്ടാകും. അതുപോലെയാണ് ദൈവവും നമ്മെ സ്നേഹിക്കുന്നതുകൊണ്ടു നമ്മെ രക്ഷിപ്പാൻ ആഗ്രഹിക്കുന്നു. സൗജന്യമായി നമ്മെ രക്ഷിക്കുക എന്നതു ദൈവത്തിൽ നിന്നും നാം അനുഭവിക്കുന്ന കൃപയാണ്. ദൈവം ലോകത്തെ സ്നേഹിച്ചതുകൊണ്ടു തൻെറ പുത്രനെ നല്കി. പുത്രൻ നമ്മെ സ്നേഹിച്ചതുകൊണ്ടു തൻെറ ജീവനെ നമുക്കായി നല്കി. അതുകൊണ്ടാണ് ദൈവം സ്നേഹം തന്നെ എന്നു പറയാൻ കാരണം.

എല്ലാ തികഞ്ഞ വരവും നല്ല ദാനവും ഉയരത്തിൽ നിന്നു നമ്മുടെ പിതാവിൽ നിന്നു തന്നെയാണ് കിട്ടുന്നതു (യാക്കോബ് 1:17). ഭൗതികമായ, സാമൂഹ്യമായ, വ്യക്തിപരമായ ദാനങ്ങളേക്കാൾ ഏറ്റവും വലിയ ദാനമാണ് രക്ഷ. കൃപയെ കുറിച്ചു ചുരുങ്ങിയ അറിവുള്ള ഒരു വ്യക്തിക്കുപോലും പ്രവൃത്തികളിലൂടെ ലഭിക്കുന്ന ദാനത്തെ നിഷേധിക്കാൻ സാദ്ധ്യമല്ല. നാം ആ ദൈവത്തെ സേവിക്കുന്നതെങ്ങനെ എന്നു ചിന്തിക്കുക. ദൈവത്തിൻെറ ദയ, മനസലിവ്, കരുണ എന്നീ സ്വഭാവത്താൽ നമ്മിൽ നിന്നു അനുസരണം പ്രതീക്ഷിക്കുന്നു. ആദാമിനും ഹവ്വയ്ക്കും കൊടുത്ത ദാനമായിരുന്നു ഏദെൻ തോട്ടം. അനുസരണം ദൈവം ആവശ്യപ്പെട്ടു. എന്നാൽ ഫലം മറിച്ചായിപോയി. അതുകൊണ്ടു ദൈവ കൃപയെ അവർ വ്യർത്ഥമാക്കി കളഞ്ഞു. കൃപയും ദാനവും ദൈവത്തിൻേറതാണ്. അതു ലഭിക്കുവാൻ നാം ക്രിസ്തുവിൻെറ വചനം കേട്ട് അനുസരിക്കണം.

അനർഹമായ ഉപകാരം എന്നതാണ് കൃപയുടെ നിർവ്വചനം. ആ അർത്ഥത്തിൽ വളരെ സത്യം ഉൾക്കൊള്ളുന്നു. ആർക്കും സത്യത്തെ വാങ്ങിച്ചു ജയിക്കാവുന്നതല്ല. കൃപയും സ്നേഹവും രക്ഷയും ദാനവുമെല്ലാം തരുന്ന ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക. ദൈവം തരുന്നതെല്ലാം നന്മയായിരിക്കും.

★

## യേശുക്രിസ്തു

1. ലോകത്തിലേക്കു വന്നു -1തിമൊ 1:15, മത്തായി 17:10
2. ജഡത്തിൽ ജനിച്ചു- യോഹന്നാൻ 1:14, യോഹന്നാൻ 4:1-3
3. സ്ത്രീയിൽ നിന്ന് ജനിച്ചു- ഗലാത്യർ 4:4, യെശയ്യാവ് 7:14
4. മനുഷ്യപുത്രനായി തീർന്നു-ഫിലിപ്പിയർ 2:5-8; ലൂക്കൊസ് 19:10
5. ദരിദ്രനാകുവാൻ ധനം ഉപേക്ഷിച്ചു- 2കൊരിന്ത്യർ6:9; ലൂക്കൊസ് 9:38
6. മനുഷ്യരാൽ ത്യജിക്കപ്പെട്ടു- യോഹന്നാൻ 1:11,12; യെശയ്യാവ് 57:3
7. ദു:ഖമനുഷ്യനായി തീർന്നു- യെശയ്യാവ് 52:3; മത്തായി 23:37
8. മനുഷ്യരാൽ മരണത്തിനു ഏല്പിച്ചുകൊടുത്തു-ലൂക്കൊസ് 24:46 മത്തായി 16:21
9. ഭൂമിയിൽ ശപിക്കപ്പെട്ടവനായിതീർന്നു- ഗലാത്യർ 3:13
10. നമുക്കു വേണ്ടി പാപമായിതീർന്നു - 2കൊരിന്ത്യർ 5:21

## നമുക്ക്

1. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ- യോഹന്നാൻ 14:1-3, 2കൊരിന്ത്യർ6:1
2. ആത്മാവിൽ ജനിക്കേണ്ടതിന്നു- യോഹന്നാൻ 3:5 1 പത്രൊസ് 1:23
3. ദൈവത്താൽ ജനിക്കേണ്ടതിനു യോഹന്നാൻ 1:11-13, യോഹന്നാൻ 5:4
4. ദൈവമക്കൾ ആകേണ്ടതിന്നു- 1യോഹന്നാൻ 3:1-3; ഗലാത്യർ 4:6
5. ധനികരാകുവാൻ ദാരിദ്ര്യം ഉപേക്ഷിച്ചു-2കൊരിന്ത്യർ 8:9; എഫെസ്യർ 2:7
6. ദൈവത്താൽ സ്വീകരിക്കപ്പെട്ടു- എഫെസ്യർ 1:6 പ്രവൃത്തി 10:34
7. തേജസിന്റെ മക്കൾ ആയി തീർന്നു- ഫിലിപ്പിയർ 4:4; 1പത്രൊസ് 4:13
8. ദൈവത്താൽ ജീവനുള്ളവരായിതീർന്നു. കൊലൊസ്യർ 2:13;എഫെസ്യർ2:1
9. സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുവാൻ-ഗലാത്യർ 3:14
10. ദൈവത്താൽ നീതീകരിക്കപ്പെടുവാൻ-2കൊരിന്ത്യർ 5: 21

Reg:No.K.Dis 90095/86/ A8, Regd. No.KL/TV (N)22

JOIN US FOR WORSHIP
THE CHURCH OF CHRIST MEETS

To Worship

at Y M C A
SUNDAY at 10 A.M

For Bible Study

T.C.27/218, Thampuranmukku
Trivandrum-7
ALL ARE WELCOME

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34, Kerala, South Ind

From

**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To